# NATIONAL BULLETIN

DATE: 26.04.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് വിട ചൊല്ലാൻ ഒരുങ്ങി ലോകം. റോമിലെ സെന്റ് മേരി മേജർ ബസലിക്കയിൽ ഇന്ന് നടക്കുന്ന സംസ്കാര ചടങ്ങുകളിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും.

   **World to bid farewell to Pope Francis. President Droupadi Murmu will attend the funeral services at the Basilica of St. Mary Major in Rome today.**

2. 15-ാമത് ദേശീയ റോസ്ഗാർ മേളയിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 51,000 നിയമന ഉത്തരവുകൾ കൈമാറും. കേന്ദ്രമന്ത്രിമാരായ കമലേഷ് പാസ്വാൻ തിരുവനന്തപുരത്തും സുരേഷ് ഗോപി എറണാകുളത്തും പരിപാടിയിൽ പങ്കെടുക്കും.

   **Prime Minister Narendra Modi will distribute over 51 thousand appointment letters to newly appointed youth today as part of 15th Rozgar Mela. Union Ministers Kamlesh Paswan will attend the event in Thiruvananthapuram and Suresh Gopi in Ernakulam.**

3. പാകിസ്ഥാൻ പൗരന്മാരെ തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah has directed states to take immediate steps to repatriate Pakistani citizens.**

4. ഉയർന്ന നിലവാരമുള്ള സ്റ്റീൽ ആഗോളതലത്തിൽ ലഭ്യമാക്കാൻ ഇന്ത്യ സജ്ജമാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

**Union Minister Piyush Goyal has said that India is ready to provide high-quality steel globally.**

5. ആഗോള സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലൂന്നി ഇന്ന് ലോക ബൗദ്ധിക സ്വത്തവകാശ ദിനം.

**Today marks World Intellectual Property Day, with the aim of ensuring global economic growth.**

6. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ സൺറൈസേഴ്സ് ഹൈദരാബാദിന് അഞ്ച് വിക്കറ്റ് ജയം.

**In IPL cricket, Sunrisers Hyderabad beat Chennai Super Kings by five wickets.**

&&&&&&&&&&&&&&&&&&

**HEAD LINE – 1**

## PREZ DEPARTURE VATICAN CITY

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ ഇന്ന് ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ന് റോമിലെ സെന്റ് മേരി മേജർ ബസലിക്കയിൽ നടക്കും. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ നടക്കുന്ന പൊതുദർശനത്തിൽ പോപ്പിന് ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ഇന്ത്യയെ പ്രതിനിധീകരിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു റോമിലെത്തി. ഇന്നലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിലെത്തി രാഷ്ട്രപതി പുഷ്പചക്രം അർപ്പിച്ചു. കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, ജോർജ്ജ് കുര്യൻ തുടങ്ങിയവരും രാഷ്ട്രപതിക്കൊപ്പമുണ്ട്. കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും. അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ്, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഉൾപ്പെടെയുള്ള ലോകനേതാക്കളും

സംസ്കാര ചടങ്ങിൽ പങ്കെടുക്കും. ഇന്ത്യയിൽ ഇന്ന് ദുഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

**************************

HEAD LINE – 2

## ROZGAR MELA

15-ാമത് ദേശീയ റോസ്ഗാർ മേളയിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 51,000 നിയമന ഉത്തരവുകൾ കൈമാറും. രാവിലെ 11 ന് വീഡിയോ കോൺഫറൻസിംഗിലൂടെയാണ് ചടങ്ങ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തും കൊച്ചിയിലും അടക്കം രാജ്യത്തെ 47 സ്ഥലങ്ങളിൽ തൊഴിൽമേളകൾ നടക്കും. തിരുവനന്തപുരത്ത് ആദായനികുതി വകുപ്പ് സംഘടിപ്പിക്കുന്ന മേളയിൽ കേന്ദ്രസഹമന്ത്രി കമലേഷ് പാസ്വാൻ മുഖ്യാതിഥിയാകും. എറണാകുളത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

**************************

HEAD LINE – 3

## HM- PAK NATIONALS

പാകിസ്ഥാൻ പൗരൻമാർക്ക് അനുവദിച്ച വീസ ഇന്ത്യ റദ്ദാക്കിയ സാഹചര്യത്തിൽ വിവിധ സംസ്ഥാനങ്ങളിലെ, പാക് സ്വദേശികളെ കണ്ടെത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മുഖ്യമന്ത്രിമാർക്ക് നിർദേശം നൽകി. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം. ഇവരെ പാകിസ്ഥാനിലേക്ക് തിരിച്ച് അയയ്ക്കാനുള്ള നടപടികൾ ഉറപ്പാക്കണമെന്നും ശ്രീ അമിത് ഷാ നിർദേശം നൽകി. പാക് പൗരന്മാർക്ക് നൽകുന്ന എല്ലാ മെഡിക്കൽ വിസകൾക്കും ഈ മാസം 29 വരെ മാത്രമേ സാധുതയുള്ളൂ.

**************************

## AMIT SHAH - INDUS

1960-ലെ സിന്ധു നദീജല കരാർ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ ന്യൂഡൽഹിയിലെ വസതിയിൽ ഉന്നതതല യോഗം ചേർന്നു. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ, സിന്ധു നദീജല കരാർ താൽക്കാലികമായി റദ്ദാക്കിയതിന് പിന്നാലെയായിരുന്നു യോഗം. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ, കേന്ദ്ര ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**************************

## JK-RAHUL GANDHI VISIT SRINAGAR

പഹൽഗാം ഭീകരാക്രമണത്തിൽ പാകിസ്ഥാനെതിരായ കേന്ദ്രസർക്കാർ നടപടികളിൽ കോൺഗ്രസിന്റെ പൂർണ പിന്തുണ ഉറപ്പ് നൽകി ലോക്സഭ പ്രതിപക്ഷ നേതാവും പാർട്ടിയുടെ മുതിർന്ന നേതാവുമായ രാഹുൽ ഗാന്ധി. എല്ലാ പൗരന്മാരും ഭീകരതയ്ക്കെതിരെ ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ജമ്മുകശ്മീർ ലഫ്റ്റനന്റ് ഗവർണറുമായും മുഖ്യമന്ത്രിയുമായും ശ്രീ രാഹുൽ ഗാന്ധി കൂടിക്കാഴ്ച നടത്തി.

**************************

## EVE ARMY CHIEF VISIT J-K

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ശ്രീനഗറിലെത്തി സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്തു. ഉന്നത സൈനിക ഉദ്യോഗസ്ഥർ അവലോകന യോഗത്തിൽ പങ്കെടുത്തു. നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം വെടി നിർത്തൽ കരാർ ലംഘിക്കാൻ നടത്തുന്ന ശ്രമങ്ങളെ കുറിച്ച് യോഗം ചർച്ച ചെയ്തു. സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്താൻ കരസേനാ മേധാവി പഹൽഗാം സന്ദർശിച്ചു.

**************************

## ANDHRA CM-PAHALGAM ATTACK

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് കൂടിക്കാഴ്ച. ആക്രമണത്തെ ശക്തമായി അപലപിച്ച ശ്രീ ചന്ദ്രബാബു നായിഡു, പാക് നീക്കം ഭീരുത്വപരമാണെന്നും രാഷ്ട്രതാൽപ്പര്യം മുൻനിർത്തി തീരുമാനമെടുക്കാൻ രാജ്യം മുഴുവൻ കേന്ദ്രസർക്കാരിനൊപ്പം നിൽക്കുമെന്നും പ്രധാനമന്ത്രിക്ക് ഉറപ്പ് നൽകി.

**************************

**HEAD LINE – 4**

## MUMBAI-GOYAL (INTRO)

ആഗോളതലത്തിൽ വൻതോതിൽ സ്റ്റീൽ ലഭ്യമാക്കാൻ ഇന്ത്യ സജ്ജമാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. മുംബൈയിൽ നടന്ന ഇന്ത്യ സ്റ്റീൽ - ആറാമത് അന്താരാഷ്ട്ര പ്രദർശനത്തിലും സമ്മേളനത്തിലും സംസാരിക്കുകയായിരുന്നു അദ്ദേഹം. അനിയന്ത്രിതമായ ഇറക്കുമതി, വിലക്കുറവ് എന്നിവയിൽ നിന്ന് ആഭ്യന്തര സ്റ്റീൽ വ്യവസായത്തെ സർക്കാർ വിജയകരമായി സംരക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ സ്റ്റീൽ വ്യവസായം വളരെ കാര്യക്ഷമവും ചെലവ് കുറഞ്ഞതും ഉയർന്ന നിലവാരമുള്ളതുമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

**************************

## CENTRE-SC-WAQF

വഖഫ് നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ പ്രാഥമിക സത്യവാങ്മൂലം സമർപ്പിച്ചു. സുതാര്യവും കാര്യക്ഷമവും സമഗ്രവുമായ നടപടികളിലൂടെ വഖഫ് ബോർഡുകളെ ആധുനിക വത്ക്കരിക്കാനാണ് വഖഫ് നിയമ ഭേദഗതി കൊണ്ടുവന്നതെന്ന് സത്യവാങ്മൂലത്തിൽ പറയുന്നു. കൂടുതൽ വാദം കേൾക്കുന്നതിനായി കേസ് മെയ് 5 ലേക്ക് മാറ്റി.

***************************

## DRDO SCRAMJET

സ്ക്രാംജെറ്റ് എൻജിൻ വികസനത്തിൽ നിർണ്ണായക കുതിച്ചുചാട്ടവുമായി ഡി ആർ ഡി ഒ. ഹൈദരാബാദ് ആസ്ഥാനമായുള്ള ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ലബോറട്ടറി ഇന്നലെ നടത്തിയ പരീക്ഷണത്തിൽ, ആക്ടീവ് കൂൾഡ് സ്ക്രാംജെറ്റ് സബ്സ്കെയിൽ കംബസ്റ്റർ 1,000 സെക്കൻഡ് പ്രവർത്തിപ്പിച്ചു. ശ്രദ്ധേയമായ നേട്ടം കൈവരിച്ച ഡിആർഡിഒയെയും വ്യവസായ പങ്കാളികളെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

***************************

## KASTHOORIRANGAN

ഇന്നലെ അന്തരിച്ച ഐ എസ് ആർ ഒ മുൻ ചെയർമാനും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ശിൽപിയുമായിരുന്ന കെ. കസ്തൂരിരംഗന്റെ ഭൗതികദേഹം നാളെ രാവിലെ 10 മണി മുതൽ ബംഗുളൂരുവിലെ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പൊതുദർശനത്തിന് വെയ്ക്കും. 9 വർഷക്കാലത്തോളം ഐ എസ് ആർ ഒ യുടെ നേതൃസ്ഥാനം വഹിച്ചിരുന്ന അദ്ദേഹം രാജ്യത്തിന്റെ സുപ്രധാന വിക്ഷേപണ വാഹനമായ PSLV വികസിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിരുന്നു. 2003 മുതൽ 2009 വരെ രാജ്യസഭാംഗമായിട്ടുണ്ട്. പത്മശ്രീ, പത്മ ഭൂഷൺ, പത്മ വിഭൂഷൺ ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിരുന്നു. കെ. കസ്തൂരിരംഗന്റെ മരണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

***************************

HEAD LINE – 5

## WORLD INTELLECTUAL PROPERTY DAY

ഇന്ന് ലോക ബൗദ്ധിക സ്വത്തവകാശ ദിനം. ബൗദ്ധിക സ്വത്തവകാശങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുക, ക്രിയാത്മകതയെ പരിപോഷിപ്പിക്കുക, ഇന്നൊവേഷൻ സാധ്യമാക്കുക, ആഗോള സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്നിവയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ലോക ബൗദ്ധിക സ്വത്തവകാശ സംഘടനയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ബൗദ്ധിക സ്വത്തവകാശവും സംഗീതവും എന്നതാണ് ഈ വർഷത്തെ പ്രമേയം.

**************************

## THRISSUR - JOB FAIR (INTRO)

വിജ്ഞാന കേരളം ക്യാമ്പയിനിൻറെ ഭാഗമായി തൃശ്ശൂരിൽ സംഘടിപ്പിക്കുന്ന മെഗാ ജോബ് ഫെയർ ഇന്ന്. തൃശ്ശൂർ എഞ്ചിനീയറിങ് കോളേജും വിമല കോളേജിലുമായാണ് തൊഴിൽമേള നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.......**

(വോയിസ്)

**************************

HEAD LINE – 6

## IPL

ഐപിഎല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് ആതിഥേയരായ ചെന്നൈ സൂപ്പർ കിംഗ്സിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി. ചെന്നൈയുടെ 155 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഹൈദരാബാദ് 18.4 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. വൈകുന്നേരം 7.30 ന് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

***************************

## MANOHAR LAL-POWER MINISTER CONFERENCE

ഗാങ്ടോക്കിൽ നടക്കുന്ന വടക്കുകിഴക്കൻ മേഖലയിലെ വൈദ്യുതി മന്ത്രിമാരുടെ സമ്മേളനത്തിൽ ഇന്ന് കേന്ദ്ര വൈദ്യുതി മന്ത്രി മനോഹർ ലാൽ പങ്കെടുക്കും. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ എല്ലാ വൈദ്യുതി മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും സമ്മേളനത്തിൽ പങ്കെടുക്കും. മേഖലയിലെ വൈദ്യുതി രംഗത്തെ വിവിധ വശങ്ങൾ ചർച്ചയാകും.

***************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത് നാളെ. പരിപാടിയുടെ 121-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

***************************

## RAIN - KERALA

കേരളത്തിൽ അടുത്ത അഞ്ച് ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

***************************

## BRICS SHERPA

റിയോ ഡി ജനീറോയിൽ നടന്ന ബ്രിക്സ് ഷെർപ്പകളുടെ യോഗത്തിൽ ഇന്ത്യയുടെ ബ്രിക്സ് ഷെർപ്പ സെക്രട്ടറി ദമ്മു രവി പങ്കെടുത്തു. ബഹുരാഷ്ട്രവാദം, സുസ്ഥിര വികസനം, ബ്രിക്സ് രാജ്യങ്ങൾക്കിടയിലുള്ള സഹകരണം വർദ്ധിപ്പിക്കൽ

എന്നിവയെക്കുറിച്ചുള്ള ക്രിയാത്മക ചർച്ചകൾ യോഗത്തിൽ നടന്നു.

***************************

## PAKISTAN-KILLED

പാകിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിൽ ഉണ്ടായ സ്ഫോടനത്തിൽ 10 പാക് അർധസൈനിക ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടതായി ബലൂച് ലിബറേഷൻ ആർമി അറിയിച്ചു. ക്വറ്റയ്ക്ക് സമീപമുള്ള മാർഗറ്റ് ചൗക്കിയിലാണ് സംഭവം. കഴിഞ്ഞദിവസം ബലൂചിസ്ഥാനിലെ കലാത്ത് ജില്ലയിൽ വാഹനത്തിന് നേരെയുണ്ടായ ബോംബ് ആക്രമണത്തിൽ മൂന്ന് പേർ കൊല്ലപ്പെട്ടിരുന്നു.

*

**************

***************************************